# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1017

01..07..2015 -ൽ
മറുപടിയ്ക്ക്

## കുമാരി സീതാലക്ഷ്മിയുടെ ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും നൽകാൻ നടപടി

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2013 അദ്ധ്യയന വർഷം IHRD യുടെ കീഴിലുള്ള കരുനാഗപ്പള്ളി എൻജിനിയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ചിരുന്ന ബി.ടെക് വിദ്യാർത്ഥിനിയായിരുന്ന കുമാരി.സീതാലക്ഷ്മി, ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ കോളേജ് അധികൃതർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) കുമാരി.സീതാലക്ഷ്മിയുടെ ടി.സി യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും തിരികെ ലഭിക്കുവാനുള്ള അപേക്ഷ കോളേജ് അധികൃതർക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച പ്രസ്തുത വിദ്യാർത്ഥിനി മുഴുവൻ ഫീസും നൽകിയിട്ടുണ്ടോ ; | (ബി) മാനേജ്മെന്റ് ക്വാട്ടയിൽ 2013-ൽ അഡ്മിഷൻ ലഭിച്ച പ്രസ്തുത വിദ്യാർത്ഥിനി ആ വർഷത്തെ മുഴുവൻ ഫീസായ 65,000/- രൂപ കോളേജിൽ അടച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടി.സി.യും സർട്ടിഫിക്കറ്റുകളും നൽകാതിരിക്കാൻ എന്ത് നിയമതടസ്സമാണ് നിലനിൽക്കുന്ന തെന്ന് വ്യക്തമാക്കാമോ; | (സി) | പ്രവേശന പരീക്ഷാ കമ്മീഷണർ 2013-ൽ ഇറക്കിയിട്ടുള്ള പ്രോസ്പെക്ടസിലെ clause 12.2.4., a ii പ്രകാരം സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ അതേ അധ്യയന വർഷംതന്നെ പ്രവേശന നടപടികൾ പൂർത്തിയാക്കിയതിനുശേഷം പഠനം നിർത്തിപോവുകയാണെങ്കിൽ Liquidated damages ഇനത്തിൽ 75,000/- അടയ്ക്കാൻ ബാധ്യസ്ഥരാണ്. ടി വ്യവസ്ഥ പാലിക്കുന്ന പക്ഷം കുമാരി.സീതാലക്ഷ്മിയുടെ ടി.സി യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും തിരികെ നൽകാവുന്നതാണെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | നിയമ തടസ്സമൊന്നും ഇല്ലെങ്കിൽ ടി.സി യും സർട്ടിഫിക്കറ്റുകളും നൽകുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ? | (ഡി) | സാധാരണ ഗതിയിൽ അദ്ധ്യയന വർഷം അവസാനിക്കുമ്പോഴാണ് വിദ്യാർത്ഥികൾക്ക് ടി.സി.യും മറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നത്. |

എന്നാൽ കുമാരി.സീതാലക്ഷ്മി 29-06-2014 -ൽ പഠനം നിർത്താൻ അപേക്ഷിക്കുകയും, തുടർന്ന് 12-08-2014 -ൽ അതേ കോളേജിൽ പുന:പ്രവേശനത്തിന് അപേക്ഷ നൽകുകയും, ആയത് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അനുവദിക്കുകയും ചെയ്തിരുന്നു. പുന:പ്രവേശനം നേടിയശേഷം 08-06-2015-ൽ ടി വിദ്യാർത്ഥിനിയുടെ പിതാവ് Liquidated damages നൽകാതെ ടി.സി.യും മറ്റ് സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസ് വഴി അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷയിൻമേൽ നിയമപരമായ നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ